# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **4025**

26 .06.2013 - ൽ മറുപടിയ്ക്ക്

## ഔഷധ സസ്യങ്ങളുടെ വ്യാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) ഔഷധ സസ്യങ്ങളുടെ വിവര ശേഖരണം, തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുള്ള സംരക്ഷണം, ഔഷധ സസ്യങ്ങളുടെ കൃഷി, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനം, സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഒരു ഔഷധോദ്യാനം, ദേശീയ ആംലാ മിഷൻ, ജില്ലാതല ഔഷധ സസ്യ ഉദ്യാനങ്ങൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ഉദ്യാനങ്ങൾ, സർക്കാർ ആയുർവേദ ആശുപത്രികളിലേയും ഡിസ്പെൻസറി - കളിലേയും ഉദ്യാനങ്ങൾ,വിവിധ ഗവേഷണ പദ്ധതികൾ തുടങ്ങി ഔഷധ സസ്യമേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യബോർഡ് നടപ്പാക്കിവരുന്നുണ്ട്. സർക്കാർ, സർക്കാരിതര തരിശുഭൂമികളിലെ ഔഷധ സസ്യ കൃഷി, വനംവകുപ്പ്, വനം വികസന കോർപ്പറേഷൻ, ഹോമിയോ, ജയിൽ, പോലീസ് എന്നി വകുപ്പുകളുടെ സഹകരണത്തോടെ വിപുലമായ രീതിയിലുള്ള ഔഷധ സസ്യത്തോട്ടങ്ങൾ തുടങ്ങിയ പദ്ധതികളും ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനായി സംസ്ഥാന ഔഷധ സസ്യബോർഡ് നടപ്പാക്കിവരുന്നു. മേൽ പദ്ധതികൾ എല്ലാംതന്നെ ദേശീയ ഔഷധ |

സസ്യബോർഡിന്റെയും 2012 മുതൽ സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്നവയാണ്. കൂടാതെ പൂജപ്പുരയിലെ ഫാർമകോഗ്നസി യൂണിറ്റിൽ ഔഷധ സസ്യങ്ങളുടെ തൈകൾ ഒരെണ്ണത്തിന് 10 രൂപാ നിരക്കിൽ പൊതുജനങ്ങൾക്ക് നൽകി വരുന്നു.

(ബി) ആയതിനായി ഏതെങ്കിലും സംഘടനകളെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) കേരള വനം വകുപ്പ്, കേരള വന വികസന കോർപ്പറേഷൻ, കേരള വന ഗവേഷണ സ്ഥാപനം, സർക്കാർ ആയുർവേദ ഗവേഷണ സ്ഥാപനം, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ, ഔഷധി, കേരള കാർഷിക സർവ്വകലാശാല, ജയിൽ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, കേരള പോലീസ് അക്കാഡമി തൃശ്ശൂർ, വെറ്റിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല, ഹോമിയോപ്പതി വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലൂടേയും, അമല ആയുർവേദ ഔഷധ സസ്യ ഗവേഷണ കേന്ദ്രം, കോട്ടയ്ക്കൽ ആര്യവൈദ്യശാല, ഔഷധസസ്യ ഗവേഷണ കേന്ദ്രം, എം.എസ്. സ്വാമിനാഥൻ ഗവേഷണ സ്ഥാപനം, ഓയിസ്ക ഇന്റർനാഷണൽ, ഇസാഫ്, ഐ.ആർ.ഡി അമ്പൂരി, ഇക്കോഫാം തിരുവനന്തപുരം, രാഗി വനിതാ സമാജം, തിരുവനന്തപുരം, സിസ്സ, തിരുവനന്തപുരം തുടങ്ങിയ സർക്കാരിതര സ്ഥാപനങ്ങളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ കൂടുതൽ സന്നദ്ധ സംഘടനകളെ സഹകരിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ ?

(ഡി) സംസ്ഥാന ഔഷധ സസ്യബോർഡ് പദ്ധതികൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുമ്പോൾ സന്നദ്ധ സംഘടനകൾക്കും സൊസൈറ്റികൾക്കും പദ്ധതികൾ സമർപ്പിച്ച് ഇക്കാര്യത്തിൽ സഹകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ